# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാചോദ്യം നം. 1057 — 06.06.2018 ലെ മറുപടി

### തൃക്കാക്കര മുനിസിപ്പാലിറ്റി പൈപ്പ് ലൈൻ റോഡിന്റെ ശോചനീയാവസ്ഥ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ പി ടി തോമസ്** | **ശ്രീ. മാത്യു. ടി. തോമസ് ( ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് പൊട്ടി പൊളിഞ്ഞതിനാൽ കാൽനട യാത്ര പോലും ബുദ്ധിമുട്ടാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? | (എ) ഉണ്ട് |
| (ബി) ഈ റോഡിന്റെ തുടർച്ചയായി കൊച്ചിൻ കോർപ്പറേഷനിലും കളമശ്ശേരി മുനിസിപ്പാലിറ്റി യിലുംപെട്ട ഭാഗങ്ങൾ ടാർ ചെയ്തു കഴിഞ്ഞതിനാൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നു പോകുന്ന ഭാഗങ്ങൾ വാട്ടർ അതോറിറ്റി ടാർ ചെയ്യുകയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ട് എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റി അനുമതി നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ റോഡ് പുനരുദ്ധാരണത്തിന് അതോറിറ്റിക്ക് നിലവിൽ പദ്ധതികളില്ല. പ്രസ്തുത പൈപ്പ് ലൈൻ റോഡ് ടാർ ചെയ്തു വാഹന ഗതാഗതം അനുവദിക്കണമെന്ന പ്രൊപോസൽ സാങ്കേതിക പഠനം കൂടി നടത്തിയ ശേഷം ബോർഡിന്റെ പരിഗണയ്ക്കായി വീണ്ടും സമർപ്പിക്കുവാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ